21/7/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1344(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 11870/SIC-G4/2021)**

**സന്നിഹിതൻ**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂലൈ 8**

ശ്രീ. കാട്ടിൽ ബാലചന്ദ്രൻ,
റസിഡൻസ് നമ്പർ: 79,
പോസ്റ്റ് തിരുവണ്ണൂർ നട,
കോഴിക്കോട് – 673 029.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഹോമിയോപ്പതി ഡയറക്ടറാഫീസ്,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ഡയറക്ടർ,
ഹോമിയോപ്പതി ഡയറക്ടറാഫീസ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 8.12.2021-ൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, അപ്പീൽ ഹർജിക്കാരന്റെ 25.2.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതിന് ഒന്നാം എതിർകക്ഷിയുടെയും, 3.4.2021-ലെ അപ്പീൽ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതിന് രണ്ടാം എതിർകക്ഷിയുടെയും വിശദീകരണം കമ്മീഷൻ തേടിയിരുന്നു. ആയതു പ്രകാരം എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, വിവരാവകാശ കത്തിടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ പ്രസ്തുത അപേക്ഷയും അപ്പീലും ബന്ധപ്പെട്ട തീയതികളിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി കാണുന്നില്ലെന്നും വിവരാവകാശ അപേക്ഷയിലെ വിഷയം അന്വേഷിക്കുകയും തുടർന്ന് വിവരാവകാശ അപേക്ഷകനിൽ നിന്നും അപേക്ഷ ലഭ്യമാക്കി 6.11.2021 തീയതിയിലെ DHTVM/2005/2021/EA2 നമ്പർ കത്ത് പ്രകാരം അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതും കംപ്ലയൻസ് റിപ്പോർട്ട് 16.11.2021 തീയതിയിലെ കത്ത് പ്രകാരം

റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഇ–മെയിൽ/തപാൽ മുഖേന ലഭിക്കുന്ന കത്തുകൾ കൃത്യമായി എടുക്കുന്നതിനും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ അവ രേഖപ്പെടുത്തുന്നതിനും ടി ഓഫീസിലെ ഹോമിയോപ്പതി ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.സലീന കെ.എം.നെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണെന്നും ടിയാന്റെ അഭാവത്തിൽ ക്ലാർക്കായ ശ്രീ. തമ്പിരാജ് എസ്.നെ 9.6.2020 തീയതിയിലെ ഓഫീസ് ഓർഡർ നമ്പർ 7–2020 പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും എന്നാൽ 25.2.2021–ലെ അപേക്ഷ, 3.4.2021–ലെ അപ്പീൽ എന്നിവ ബഹു. കമ്മീഷന്റെ രണ്ടാം അപ്പീൽ ലഭിച്ചതിന് ശേഷം മാത്രമാണ് ശ്രദ്ധയിൽ രേഖാമൂലം ലഭിച്ചിട്ടുള്ളതെന്നുമാണ്. ഹർജിക്കാരന്റെ 25.02.2021–ലെ വിവരാവകാശ അപേക്ഷ പൊതുഭരണ ഏകോപന വകുപ്പിന്റെ 30.10.2006–ലെ 77000/സിഡിഎൻ5/06/പൊഭ.വ. നമ്പർ സർക്കുലർ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ലഭിച്ചിരുന്നുവെങ്കിൽ ടി അപേക്ഷയ്ക്കുള്ള മറുപടി ആർ.ടി.ഐ. നിയമം നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ നൽകാമായിരുന്നു എന്നും മെയിൽ മുഖാന്തിരം ലഭിച്ച ആർ.റ്റി.ഐ. അപേക്ഷയും, അപ്പീലും തപാലാക്കി രജിസ്റ്റർ ചെയ്ത് വിവരാവകാശ നിയമം അനുശാസിക്കും വിധം ആർ.ടി.ഐ. രജിസ്റ്ററിൽ രേഖപ്പെടുത്തി ലഭിച്ചിരുന്നുവെങ്കിൽ സമയബന്ധിതമായി വിവരം നൽകാൻ സാധിക്കുമായിരുന്നു എന്നും ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയത്തിൽ 17 ക്ലാർക്ക്, 4 ടൈപ്പിസ്റ്റ്, 5 ഓഫീസ് അറ്റന്റന്റ് എന്നീ ചുരുങ്ങിയ അംഗത്തോടുകൂടിയാണ് പ്രവർത്തിച്ചു വരുന്നതെന്നും ഭൂരിഭാഗം ജീവനക്കാർക്കും കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചിട്ടുള്ളതും ആയതിനെ തുടർന്നുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ടായിരുന്നു എന്നും ടി സാഹചര്യം നിലനിൽക്കെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും സംഭവിച്ചുപോയ വീഴ്ച മാപ്പാക്കണമെന്നും രാജ്യത്ത് കോവിഡ് 19–ന്റെ വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ, 23.09.2021–ലെ ബഹു. സുപ്രീം കോടതിയുടെ 665/2021 കേസിലെ വിധി പ്രകാരം പീരിഡ് ഓഫ് ലിമിറ്റേഷൻ 3.10.2021 മുതൽ 90 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ടെന്നും വിവരാവകാശ അപേക്ഷകന് 6.11.2021 തീയതിയിലെ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണെന്നും മേൽ വിവരങ്ങൾ ബഹു. കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുന്നതിന് ഒരു പേഴ്സണൽ ഹിയറിംഗ് അനുവദിച്ച് നൽകണമെന്നുമാണ്.

2. ടി വിശദീകരണവും നേരിൽ കേട്ട വേളയിൽ എതിർകക്ഷികൾ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ, ഇ–മെയിലായി ലഭ്യമാകുന്ന വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തരുതെന്നും, ഇത്തരം വിഷയം കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകം സംവിധാനം ഏർപ്പെടുത്തണമെന്നും എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി

എതിർകക്ഷികളുടെ ഭാഗത്തു നിന്നും ബോധപ്പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ലാത്തതിനാൽ ടി ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ജൂലൈ മാസം 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി